# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1026 — 12.12.2012-ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനുള്ള ഒരുക്കങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" വി.പി. സജീന്ദ്രൻ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഈ സീസണിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന് എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി 4 വ്യത്യസ്ത ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. സ്പോൺസർ ഷിപ്പ് ലഭിക്കുന്നതിനായി വ്യത്യസ്ത സ്ഥലങ്ങളിൽ മീറ്റിംഗ് സംഘടിപ്പിച്ചിട്ടുണ്ട്. ഈ സീസണിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ 2012 ഡിസംബർ 15 മുതൽ 2013 ജനുവരി 31 വരെ നടത്തുവാൻ തീരുമാനിച്ചു. ഫെസ്റ്റിവലിന്റെ മുന്നൊരുക്കമായി സെപ്റ്റംബർ 15 മുതൽ കേരളത്തിലെ ഷോപ്പുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. പരസ്യ പ്രചരണത്തിനായി പത്ര-ദൃശ്യ മാധ്യമങ്ങളിൽ പരസ്യങ്ങളും വാർത്തകളും നൽകി വരുന്നു. |
| (ബി) സംസ്ഥാനത്തിന്റെ ഉൽപ്പന്നങ്ങളും ടൂറിസവും കേരളത്തിന് പുറത്തേക്ക് എത്തിക്കുന്നതിന് എന്തെല്ലാം മുൻഗണനകളാണ് നൽകിയിരിക്കുന്നത് ; | (ബി) സംസ്ഥാനത്തിന്റെ ഉൽപ്പന്നങ്ങളും ടൂറിസവും കേരളത്തിന് പുറത്തേക്ക് എത്തിക്കുന്നതിന് അന്യസംസ്ഥാന സഞ്ചാരികൾക്കും വിദേശസഞ്ചാരികൾക്കും കേരളം സന്ദർശിക്കുവാൻ പ്രേരിപ്പിക്കുന്ന രീതിയിൽ അന്തർ ദേശീയ നിലവാരമുള്ള ജി.കെ.എസ്.എഫ് "ഗ്ലോബൽ വില്ലേജ്" എന്ന വ്യാപാരോത്സവം കൊച്ചിയിൽ |

സംഘടിപ്പിക്കുന്നുണ്ട്. 2012 ഡിസംബർ 22 മുതൽ 2013 ജനുവരി 9 വരെ സംഘടിപ്പിക്കുന്ന ഗ്ലോബൽ വില്ലേജിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും ഉൽപ്പാദന രീതിയും ഉൾക്കൊളളിച്ചിട്ടുണ്ട്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ കുറിച്ചുളള വിശദമായ സ്റ്റാളുകളും സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിനു പുറത്തു താമസിക്കുന്നവർ കേരളത്തിലെ ഷോപ്പുകളിൽ നിന്ന് ഓൺലൈൻ വഴി ഷോപ്പിംഗ് നടത്തിയാൽ അവർക്ക് 100% വാറ്റ് നികുതി റീ ഫണ്ട് ചെയ്യുന്നതാണ്.

| | |
|---|---|
| (സി) ഇതിന്റെ മുഖ്യ സ്പോൺസർ ആരെല്ലാമാണ് ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 6-ന്റെ മുഖ്യ സ്പോൺസർ സൗത്ത് ഇൻഡ്യൻ ബാങ്കാണ് പ്രസ്തുത ബാങ്ക് 4 കോടി രൂപ സ്പോൺസർഷിപ്പ് ഇനത്തിൽ നൽകുന്നതിന് ജി.കെ.എസ്. എഫു മായി ധാരണാപത്രം അംഗീകരിച്ചിട്ടുണ്ട്. |
| (ഡി) ഫെസ്റ്റിവൽ ആകർഷകമാക്കുന്നതിന് എന്തെല്ലാം സമ്മാനങ്ങളും ഇളവുക ളുമാണ് നൽകാനുദ്ദേശിക്കുന്നത് ; | (ഡി) ഫെസ്റ്റിവൽ ആകർഷകമാക്കുന്നതിന് സ്വർണ്ണ സമ്മാനങ്ങൾക്കു പുറമെ കേരളീയ ഉൽപ്പന്നങ്ങളും സമ്മാന മായി നൽകുന്നതാണ്. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ തത്സമയ സമ്മാന വിതരണത്തിന് സ്ക്രാച്ച് ആന്റ് വിൻ കൂപ്പണുകൾ വഴി 1 ഗ്രാം സ്വർണ്ണ സമ്മാനവും കേരളീയ ഉൽപ്പന്നങ്ങളും നൽകുന്നതാണ്. |

കൂടാതെ എല്ലാ ദിവസവും നറുക്കെടുപ്പ് വഴി ഓരോ ജില്ലയിലും പത്ത് വിജയികൾക്ക് സമ്മാനങ്ങൾ നൽകും. ആഴ്ചകളിലുള്ള നറുക്കെടുപ്പിൽ പത്ത് പേർക്ക് പത്ത് പവൻ സ്വർണ്ണം വീതവും ഫെസ്റ്റിവൽ അവസാനിക്കുമ്പോൾ മെഗാനറുക്കെ ടുപ്പിൽ നറുക്കെടുപ്പിലൂടെ ഒന്നാം സമ്മാനമായി 1 കിലോ സ്വർണ്ണവും രണ്ടാം സമ്മാനമായി രണ്ട് പേർക്ക് അരക്കിലോ സ്വർണ്ണം വീതവും സമ്മാനമായി നൽകും. കേരളത്തിനു പുറത്തു താമസിക്കുന്നവർ കേരളത്തിലെ ഷോപ്പുകളിൽ നിന്ന് ഓൺലൈൻ വഴി ഷോപ്പിംഗ് നടത്തിയാൽ അവർക്ക് 100% വാറ്റ് നികുതി റീഫണ്ട് ചെയ്യുന്നതാണ്.

(ഇ) സമ്മാനങ്ങളിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശ ങ്ങൾ വ്യക്തമാക്കുമോ ?

(ഇ) സമ്മാനങ്ങളിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങൾ കൂടി ഉൾപ്പെടുത്തു-ന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിലേ യ്ക്കായി ഹാന്റക്സ്, സുരഭി, കൈരളി , കുടുംബശ്രീ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുത്ത് സമ്മാനമായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ